**പതിമൂന്നാം കേരള നിയമസഭ**

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2543 — 19.12.2012-ൽ മറുപടിയ്ക്ക്

## ആശുപത്രിയിലെ ഉപകരണങ്ങൾ നൽകുന്ന കമ്പനിയുടെ സർട്ടിഫിക്കേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിൽ ഹൃദയവാൽവിലെ തടസ്സങ്ങൾ നീക്കാനുപയോഗിക്കുന്ന ഉപകരണങ്ങൾ നൽകുന്നത് യു.എസ്.എഫ്.ഡി.എ സർട്ടിഫിക്കറ്റ് ഇല്ലാത്ത കമ്പനികളാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതി പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ, ഹൃദയവാൽവുകളുടെ തകരാറ് നീക്കുന്നതിന് സ്റ്റെന്റുകൾ ഉപയോഗിക്കുന്നില്ല. രക്തധമനികളുടെ തടസ്സം നീക്കുന്നതിന് (കൊറോണറി ആൻജിയോപ്ലാസ്റ്റി) സ്റ്റെന്റുകൾ ഉപയോഗിക്കുന്നുണ്ട്. പത്രങ്ങളിൽ പരസ്യം ചെയ്ത് ടെൻഡർ വിളിച്ച് അതിൽ നിന്ന് എം പാനൽ ചെയ്ത കമ്പനികളിൽ നിന്നാണ് ഇത് വാങ്ങുന്നത്. ഈ കമ്പനികൾക്ക് സി ഇ അപ്രൂവൽ (യൂറോപ്പിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ കൺഫോർമിറ്റി മാർക്കിംഗ്) ഉണ്ട്. എം പാനലിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് മുൻപായി ഡി.സി.ജി.എ(ഡ്രഗ്സ് കൺട്രോളർ ജനറൽ അപ്രൂവൽ) സർട്ടിഫിക്കറ്റും സി ഇ അപ്രൂവലും പരിശോധിക്കാറുണ്ട്. യു.എസ്.എഫ്.ഡി.എ (യുണൈറ്റഡ് സ്റ്റേറ്റ്സ് ഫുഡ് ആൻഡ് ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ) മാനദണ്ഡമായി വരുന്ന കമ്പനികളെ എം പാനലിംഗിന് പരിഗണിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ